## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3459** **14-07-2022 - ൽ മറുപടിയ്ക്ക്**

## കാഞ്ഞിരപ്പള്ളി ഐ.എച്ച്.ആർ.ഡി കോളേജ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞിരപ്പള്ളി ഐ.എച്ച്.ആർ.ഡി കോളേജ് നിലവിൽ പ്രവർത്തിക്കുന്നത് സ്കൂൾ കോമ്പൗണ്ടിലാണെന്നും, പ്രസ്തുത കോളേജിന് എം.ജി സർവ്വകലാശാലയുടെ അഫിലിയേഷൻ തുടരുന്നതിന് സാഹചര്യമില്ലായെന്നുമുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.** |
| (ബി) | പ്രസ്തുത കോളേജ് സ്കൂൾ കോമ്പൗണ്ടിൽതന്നെ നിലനിർത്താനാണോ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച് എം.എൽ.എ.മാരുമായി മന്ത്രിതലത്തിൽ ചേർന്ന യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ വ്യക്തമാക്കുമോ; | (ബി) | സ്വന്തമായി ഭൂമി ലഭ്യമല്ലാത്ത ഐ.എച്ച്.ആർ.ഡി. സ്ഥാപനങ്ങളുടെ വിഷയം ചർച്ച ചെയ്യുന്നതിനായി 04.08.2021 - ന് ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ബഹു. എം.എൽ.എ മാരുടെ യോഗം ചേർന്നിരുന്നു. ടി യോഗത്തിലെ കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, കാഞ്ഞിരപ്പള്ളിയുമായി ബന്ധപ്പെട്ട തീരുമാനം താഴെ വിശദീകരിക്കുന്നു.<br><br>കാഞ്ഞിരപ്പള്ളിയിൽ കോളേജിനായി 5 ഏക്കർ ഭൂമി കണ്ടെത്തുക എന്നത് പ്രായോഗികമായി ബുദ്ധിമുട്ടുള്ള കാര്യമാണെന്ന് ബഹു. കാഞ്ഞിരപ്പള്ളി എം.എൽ.എ അറിയിച്ചിരുന്നു. കോളേജിന് വേണ്ടി 1 ഏക്കർ ഭൂമി ഒരു വർഷത്തിനകം കണ്ടെത്തി ലഭ്യമാക്കാമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടിരുന്നു. യൂണിവേഴ്സിറ്റി നിബന്ധന അനുസരിച്ച് വേണ്ടി വരുന്ന ബാക്കി 4 ഏക്കർ സ്ഥലത്തിന് വേണ്ടി സമീപത്തെ പൊതു കളിസ്ഥലങ്ങൾ ഉൾപ്പടെയുള്ള ഭൗതിക സൗകര്യങ്ങൾ ലഭ്യമാക്കാവുന്നതാണെന്നും ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ആവശ്യമായ കെട്ടിടങ്ങൾ നിർമ്മിച്ചു നൽകാമെന്നും അദ്ദേഹം അറിയിച്ചിരുന്നു.<br><br>ബഹു.എം.എൽ.എയുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കാൻ ഐ.എച്ച്.ആർ.ഡി ഡയറക്ടർ തീരുമാനിച്ചിട്ടുണ്ട്. |
| (സി) | കാഞ്ഞിരപ്പള്ളി പേട്ട ഗവ. സ്കൂളിന്റെ | (സി) | ഇത് സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിനായി |

| | | | |
|---|---|---|---|
| | കോമ്പൗണ്ടിൽ തന്നെ പ്രസ്തുത കോളേജ് നിലനിർത്തുന്നത് സംബന്ധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയെ ഉൾപ്പെടുത്തി യോഗം വിളിക്കുന്നതിനും, എം.എൽ.എ ആസ്തി വികസന ഫണ്ടിൽനിന്നും തുക അനുവദിച്ച് കെട്ടിടം പണിയുന്നതിന് അനുമതി ആവശ്യപ്പെട്ടുകൊണ്ടും നൽകിയ കത്തുകളിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | | ബഹു. പൊതു വിദ്യാഭ്യാസ വകുപ്പ് - ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം 11.07.2022ന് ചേർന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ